"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ- ജീവനക്കാര്യം - കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യൂ) ആയ ഫാ:ഫ്രാൻസിസ് ജെ. ഫയൽ ചെയ്ത ഡബ്ല്യൂപി(സി)നം.6654/2022-ന്റെയും കോട്ടയം മുത്തോളി സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായ ശ്രീമതി.ജൂബിറ്റ് മാത്യു ഫയൽ ചെയ്ത WP(C)No.11622/2022-ന്റെയും 17/10/2022 തീയതിയിൽ പുറപ്പെടുവിച്ച പൊതുവിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എ) വകുപ്പ്

**സ.ഉ.(സാധാ) നം.4286/2024/GEDN തീയതി,തിരുവനന്തപുരം, 10-07-2024**

---

പരാമർശം:-

1. WP(C)No.6654/2022-ന്റെയും WP(C) No.11622/2022-ന്റെയും 17/10/2022 തീയതിയിലെ പൊതുവിധിന്യായം.
2. കോട്ടയം മേഖല ഉപമേധാവിയുടെ 25/11/2022-ലെ എ5/5968/2022/ആർ.ഡി.ഡി/ഹ.സെ.വി/കോട്ടയം നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) 30/11/2022-ലെ എസിഡി.ബി4/232643/2022/എച്ച്.എസ്.ഇ നമ്പർ കത്തും 17/04/2024-ലെ എച്ച്എസ്ഇ/6016/2024-എസിഡി.ബി4 നമ്പർ കത്തും.

<u>ഉത്തരവ്</u>

കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യൂ) ആയ ഫാ:ഫ്രാൻസിസ് ജെ. ഫയൽ ചെയ്ത ഡബ്ല്യൂപി(സി)നം.6654/2022-ന്റെയും കോട്ടയം മുത്തോളി സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായ ശ്രീമതി.ജൂബിറ്റ് മാത്യു ഫയൽ ചെയ്ത WP(C)No. 11622/2022- ന്റെയും 17/10/2022 തീയതിയിൽ പുറപ്പെടുവിച്ച പൊതുവിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 01/12/2022 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരൻ ഫാ:ഫ്രാൻസിസ് ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

1) കോട്ടയം സെന്റ് ജോസഫ്സ് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സി.എം.ഐ. സ്കൂൾസിന്റെ കീഴിൽ 02/06/2014 മുതൽ യു.പി.എസ്.റ്റി. ആയി ഞാൻ ജോലി ചെയ്തുവരവെ എനിക്ക് 06/06/2019 മുതൽ എച്ച്.എസ്.റ്റി. (എസ്.എസ്) ആയി പ്രൊമോഷൻ ലഭിക്കുകയും ഈ നിയമനം കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ നിയമനത്തിന് എതിർകക്ഷിയായ ശ്രീമതി ജൂബിറ്റ് മാത്യുവോ മറ്റ് ആരെങ്കിലുമോ യാതൊരുവിധ പരാതിയും ഉന്നയിച്ചിരുന്നില്ല.

2) ഞാൻ B.A.(S.S.), B.Ed.(S.S.), M.S.W.(S.W.), M.Phil. എന്നീ യോഗ്യതകൾ റഗുലർ കോഴ്സുകളിലൂടെ നേടിയതിനു ശേഷമാണ് സർവ്വീസിൽ പ്രവേശിച്ചത്. എന്റെ M.S.W. ബിരുദം M.Phil, HST(S.S)ലെ സീനിയോറിറ്റി എന്നീ യോഗ്യതകൾ പരിഗണിച്ചാണ് കോർപ്പറേറ്റ് മാനേജർ എന്നെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു.) ആയി നിയമിച്ചിട്ടുള്ളത്.

3) ശ്രീമതി ജൂബിറ്റ് മാത്യു 18/02/2020-ൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആർ.ഡി.ഡി. കോട്ടയം എന്റെ നിയമനത്തിന് അംഗീകാരം നിഷേധിച്ചു.

4) ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള നിയമനം കെ.ഇ.ആർ. അദ്ധ്യായം 32 ചട്ടം 6 II(1) പ്രകാരമാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നവർ പി.ജി. ഡിഗ്രിക്കു പുറമേ റഗുലർ ആയി പഠിച്ച ബി.എഡ്. വേണമെന്ന് നിഷ്കർഷിക്കുന്നു. വിദൂരവിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എഡ്. ഡിഗ്രിക്ക് കേരള സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും അതിന് പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ മാത്രമേ പരിഗണന ലഭിക്കുകയുള്ളൂ. ഹയർ സെക്കൻഡറി നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസ് ആണ് ബാധകമായിട്ടുള്ളത്. സ്പെഷ്യൽ റൂൾസിൽ റഗുലർ ബി.എഡ്. ബിരുദം നിഷ്കർഷിച്ചിരിക്കുന്നതിനാൽ വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എഡ്. ഡിഗ്രി മതിയായ യോഗ്യതയല്ല. ഇക്കാര്യം ബഹു:പി.എസ്.സി. ചെയർമാൻ പത്രക്കുറിപ്പിലൂടെ വിശദീകരിക്കുകയുണ്ടായി. സ്പെഷ്യൽ റൂൾസ് ബാധകമായ നിയമനങ്ങളിൽ വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ യോഗ്യതകൾ പരിഗണിക്കാനാവില്ലെന്നും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്താൽ മാത്രമേ പരിഗണിക്കാനാവുകയുള്ളൂവെന്നും ഭേദഗതി വരുത്തേണ്ടത് ബഹു:ഗവൺമെന്റ് ആണെന്നും യാതൊരു സംശയത്തിനും ഇടയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. (മലയാള മനോരമ 30/10/2022-ലെ 14-ാം പേജ് വാർത്ത) നാളിതുവരെ സർക്കാർ ഈ നിയമം ഭേദഗതി ചെയ്തിട്ടില്ല. ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരുടെ അതേ യോഗ്യതയാണ് എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും നിശ്ചയിച്ചിട്ടുള്ളത്.

5) സീനിയോറിറ്റി കണക്കാക്കുന്നത് ഒന്നിലധികം പേര് നിശ്ചിത യോഗ്യത നേടുകയും രണ്ട് പേരും നിയമനത്തിനായി വരികയും ചെയ്യുന്ന സാഹചര്യത്തിലാണ് ആദ്യം സർവ്വീസിൽ വന്നയാളിനെ പരിഗണിക്കുന്നത്. ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ബി.എഡ്. യോഗ്യത വിദൂര വിദ്യാഭ്യാസത്തിലൂടെ ആയതിനാൽ ഹയർ സെക്കൻഡറി വിഭാഗത്തിന് യോഗ്യത നേടിയതായി കണക്കാക്കാനാവില്ല. സർക്കാർ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ബി.എഡ്. ഡിഗ്രി അംഗീകരിക്കുവാൻ

സാധിക്കുകയുള്ളൂ. 28/03/2009-ലെ ജി.ഒ.(എം.എസ്)നം.94/2009/പൊവിവ പ്രകാരം പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ മാത്രമേ ബാധകമാകുകയുള്ളൂ. ആയതിനാൽ ശ്രീമതി ജൂബിറ്റ് മാത്യുവിനുള്ള സീനിയോറിറ്റി പ്രൈമറി, ഹൈസ്കൂൾ തലങ്ങളിലുള്ള നിയമനങ്ങൾ മാത്രമാണ് ബാധകമായിട്ടുള്ളത്.

6) വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എഡ്. ഡിഗ്രിക്ക് ഒരു ദിവസം പോലും ലീവ് എടുക്കാതെ നേടിയതായതിനാൽ പ്രായോഗിക പരിശീലനം സോഷ്യൽ വർക്കിന് ലഭിച്ചിട്ടില്ല.

7) ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ഡിഗ്രി ഇംഗ്ലീഷ് സാഹിത്യത്തിലായതിനാൽ ഈ യോഗ്യത എച്ച്.എസ്.റ്റി. (എസ്.എസ്.) നിയമനത്തിന് പരിഗണിക്കാവുന്നതല്ല. ജി.ഒ.(എം.എസ്)നം.175/2005 തീയതി 03/06/2005 പ്രകാരം ഇംഗ്ലീഷ് ഡിഗ്രിക്കാർക്ക് സോഷ്യൽ സയൻസ് പഠിപ്പിക്കാനാവില്ല.

8) ശ്രീമതി ജൂബിറ്റ് മാത്യു 01/06/2011-ൽ പ്രൈമറി വിഭാഗത്തിൽ നിയമിക്കപ്പെടുമ്പോൾ ബി.എ.(ഇംഗ്ലീഷ്), റ്റി.റ്റി.സി., എം.എസ്.ഡബ്ല്യൂ. എന്നീ യോഗ്യതകൾ മാത്രമേ നേടിയിട്ടുണ്ടായിരുന്നുള്ളൂ. പിന്നീട് ഇംഗ്ലീഷ്, സോഷ്യൽ സയൻസ് എന്നിവ ഐച്ഛിക വിഷയമായി എടുത്ത് ഡബിൾ ഓപ്ഷൻ ബി.എഡ്. നേടിയിരുന്നു. ഈ യോഗ്യതയെ അടിസ്ഥാനപ്പെടുത്തി ടിയാരിക്ക് 15/07/2021 മുതൽ മാനേജ്മെന്റിന്റെ കീഴിൽ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ആയി നിയമനം നൽകിയിട്ടുണ്ട്.

9) Chapter XIV A, KER Rules 5 Note-1 പ്രകാരം നിയമനത്തിന് ഒന്നിലധികം ആൾക്കാർ നിശ്ചിത യോഗ്യത നേടിയിട്ടുണ്ടെങ്കിൽ അവരിൽ ആദ്യമേ യോഗ്യത നേടിയ ആളിന് പരിഗണന കൊടുക്കണം. രണ്ടുപേരും ഒരേ ദിവസം യോഗ്യത നേടുന്ന അവസരങ്ങളിൽ മാത്രമേ ആദ്യമേ നിയമനം പരിഗണിക്കേണ്ടതുള്ളൂ. ഫാ:ഫ്രാൻസിസ് ജെ. 2014-ന് മുൻപ് യോഗ്യത നേടി. ശ്രീമതി ജൂബിറ്റ് മാത്യു 2015 ഡിസംബർ മാസത്തിലാണ് ബി.എഡ്. പാസാകുന്നത്.

10) ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ബി.എഡ്. യോഗ്യത മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരിഗണിക്കുവാൻ സാധിക്കുകയില്ല. എച്ച്.എസ്.എസ്.റ്റി. നിയമനങ്ങൾ KER Chapter 32 Rule 6 പ്രകാരം ബി.എഡ്. യോഗ്യത റഗുലർ കോഴ്സിലൂടെ നേടിയിരിക്കേണ്ടതാണ്. ഈ സ്പെഷ്യൽ റൂൾസിന് നാളിതുവരെ ഗവണ്മെന്റ് ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ വിദൂര വിദ്യാഭ്യാസത്തിലൂടെ നേടിയ ബി.എഡ്. ഡിഗ്രി പരിഗണിച്ച് ടിയാരിക്ക് എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് നിയമനത്തിന് യാതൊരുവിധ അർഹതയുമില്ല.

11) ഹയർ സെക്കൻഡറി ഡയറക്ടറുടെ ഉത്തരവിൽ ജി.ഒ.(എം.എസ്)നം.94/2009 തീയതി 28/03/2009 പ്രകാരം IGNOU B.Ed.-ന് അംഗീകാരം ലഭിച്ചിരിക്കുന്നത് പത്താം ക്ലാസ്സ് വരെ മാത്രമാണ്. ഹയർ സെക്കൻഡറി

അദ്ധ്യായം 32 റൂൾ 6-ന്റെ പരിധിയിൽ വരുന്ന (സ്റ്റാറ്റ്യൂട്ടറി) സ്പെഷ്യൽ റൂൾസിന് മാറ്റം വരുത്തുന്നതിന് നിയമസഭയിൽ കൊണ്ടുവന്ന് ഭേദഗതി വരുത്തേണ്ടതാണ്. അങ്ങനെയൊരു ഭേദഗതി നാളിതുവരെ വരുത്തിയിട്ടില്ല. കൂടാതെ സെറ്റ് യോഗ്യത ഉള്ളതുകൊണ്ട് റഗുലർ ബി.എഡ്. വേണ്ട എന്നൊരു വാദം കാണുകയുണ്ടായി. റഗുലർ ബി.എഡ്. ഇല്ലാതിരിക്കുന്ന സാഹചര്യത്തിലാണ് അങ്ങനെയൊരു പരിഗണന വരുന്നത്. മാത്രവുമല്ല ഫാ:ഫ്രാൻസിസ് ജെ.യുടെ എല്ലാ യോഗ്യതകളും റഗുലർ ആണ്. M.Phil. എന്ന അധിക യോഗ്യതയുടെ പരിഗണനയും ലഭിക്കാനുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 25/02/2021 തീയതി മുതലുള്ള എന്റെ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയുള്ള നിയമനം ക്രമപ്രകാരമാണ്. അതിനാൽ ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ പരാതി തള്ളിക്കളയണമെന്നും എന്റെ നിയമനം അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിക്കുന്നു.

ഹയർ സെക്കൻഡറി സോഷ്യൽ വർക്ക് നിയമനത്തിന് വിദ്യാഭ്യാസ യോഗ്യത പറഞ്ഞിരിക്കുന്നത്:

1. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും 50%ൽ കുറയാതെ നേടിയ മാസ്റ്റേഴ്സ് ഡിഗ്രിയോ അല്ലെങ്കിൽ അതിനു തുല്യമായ യോഗ്യതയായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി അംഗീകരിച്ച മാസ്റ്റേഴ്സ് ഡിഗ്രി.
2. അതേ വിഷയത്തിലുള്ള ബി.എഡ് യോഗ്യത കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും റഗുലർ കോഴ്സിലൂടെ നേടിയതായിരിക്കണം. അതല്ലെങ്കിൽ റഗുലർ കോഴ്സിനു തുല്യമായി കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി അംഗീകരിച്ച ബി.എഡ്. യോഗ്യതയാണ്. (അല്ലാതെ ഏതെങ്കിലും ബി.എഡ്. എന്നു പറയുന്നില്ല)
3. ഈ നിയമത്തിന് നാളിതുവരെ ഭേദഗതി വരുത്തിയിട്ടില്ല. ഇക്കാര്യം ബഹു:പി.എസ്.സി. ചെയർമാൻ വ്യക്തമാക്കിയിരിക്കുന്നു.
4. IGNOU-യുടെ ബി.എഡ്.-ന് ബഹു: കേരള സർക്കാർ അംഗീകാരം നൽകിയിരിക്കുന്നത് അദ്ധ്യായം 31-ലെ എച്ച്.എസ്. വിഭാഗം വരെയുള്ള നിയമനങ്ങൾക്കാണ്. സ്പെഷ്യൽ റൂൾസ് ബാധകമായ നിയമനങ്ങൾക്കുള്ള യോഗ്യത ഒരു സർക്കാർ ഉത്തരവുകൊണ്ട് മാറ്റുവാൻ സാധിക്കുകയില്ല. ഭേദഗതിക്ക് സർക്കാർ നിയമസഭയിൽ കൊണ്ടുവന്ന് ഭേദഗതി വരുത്തേണ്ടിയിരിക്കുന്നു.
5. ശ്രീമതി ജൂബിറ്റ് മാത്യു ബി.എഡ് പാസ്സായതിന്റെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഫാദർ ഫ്രാൻസിസിനെ നിയമിച്ചതിനു ശേഷമാണ്. ഒരു ഹെഡ്മാസ്റ്റർക്കും സർട്ടിഫിക്കറ്റുകൾ കൈയിൽ കിട്ടിയാൽ വച്ചുതാമസിപ്പിക്കുവാൻ സാധിക്കുകയില്ല. യോഗ്യത നേടിയത് യഥാസമയം മാനേജരെ അറിയിക്കുകയോ സർട്ടിഫിക്കറ്റുകൾ ഹെഡ്മാസ്റ്ററുടെ പക്കൽ ഹാജരാക്കുകയോ ചെയ്തിരുന്നില്ല.
6. ഫാദർ ഫ്രാൻസിസിന്റെ യോഗ്യതകൾ എല്ലാം റഗുലർ ആയി നേടിയതും അതേ

വിഷയത്തിലുള്ളതുമാണ്. എം.ഫിൽ ഡിഗ്രി (റഗുലർ) അധിക യോഗ്യതയായി നേടിയതിന്റെ പരിഗണന കൂടി ലഭിക്കാനുണ്ട്.

7. ശ്രീമതി ജൂബിറ്റിന്റെ ഡിഗ്രി ഇംഗ്ലീഷാണ്.

**3. ഹർജിക്കാരിയായ ശ്രീമതി ജൂബിറ്റ് മാത്യു ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

ഞാൻ സെന്റ് ജോസഫ്സ് കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സി.എം.ഐ. സ്കൂൾസ്-ന്റെ കീഴിലുള്ള കോട്ടയം ഇടമറ്റം കെ.റ്റി.ജെ.എം.എച്ച്.എസ്.സ്കൂളിൽ 01/06/2011-ൽ യു.പി.എസ്.എ. തസ്തികയിൽ പ്രവേശിച്ച് പ്രൊബേഷൻ പൂർത്തിയാക്കി തുടർച്ചയായി ജോലി ചെയ്യുന്ന ഒരു അദ്ധ്യാപികയാണ്. നിലവിൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള കുരിയനാട് സെന്റ് ആൻസ് എച്ച്.എസ്.എസ്.ൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി ജോലി ചെയ്യുന്നു. എതിർകക്ഷിയായ ശ്രീ.ഫ്രാൻസിസ് ജെ. 02/06/2014-ൽ ഇതേ മാനേജ്മെന്റിന് കീഴിലുള്ള കരിക്കട്ടൂർ സി.സി.എം.എച്ച്.എസ്.എസ്.ൽ യു.പി.എസ്.എ. ആയി ജോലിയിൽ പ്രവേശിച്ചയാളാണ്.

06/05/2018-ൽ ഈ മാനേജ്മെന്റിന് കീഴിലുള്ള പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് എന്ന തസ്തികയിൽ മരണം മൂലം ഒരു ഒഴിവ് ഉണ്ടായി. KER Chapter 32 Rule 4 പ്രകാരം ഒഴിവ് വന്ന ടി തസ്തികയുടെ വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ഉണ്ടെങ്കിൽ അയാൾക്കും, അയാളുടെ അഭാവത്തിൽ ടി ഒഴിവിൽ നിയമിക്കപ്പെടാൻ യോഗ്യതയുള്ള ഹൈസ്കൂൾ ടീച്ചർ കേഡറിലെ സീനിയർ ആയ വ്യക്തിക്കും, അവരുടെയും അഭാവത്തിൽ ടി ഒഴിവിൽ നിയമിക്കപ്പെടാൻ യോഗ്യതയുള്ള Upper/Lower Primary School Teacher കേഡറിലെ സീനിയർ ആയ വ്യക്തിക്കും By Transfer നിയമനം നൽകണം എന്നാണ്.

ഈ ഒഴിവിലേയ്ക്ക് നിയമിക്കപ്പെടാൻ മാനേജ്മെന്റിന് കീഴിൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് ജൂനിയർ അദ്ധ്യാപകൻ ഇല്ല. ഒഴിവുണ്ടായ തീയതിയിൽ എച്ച്.എസ്. വിഭാഗത്തിലും ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടാൻ യോഗ്യരായ ആരും ഇല്ലായിരുന്നു. ഒഴിവുണ്ടായ തീയതിയിൽ യു.പി.എസ്.എ./എൽ.പി.എസ്.എ. കാറ്റഗറിയിൽ ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടാൻ യോഗ്യത ഉണ്ടായിരുന്നത് എനിക്കും എതിർകക്ഷിയായ ശ്രീ.ഫ്രാൻസിസ് ജെ.യ്ക്കും ആണ്. അതിൽ 01/06/2011-ൽ യു.പി.എസ്.എ. ആയി ജോലിയിൽ പ്രവേശിച്ച ഞാനാണ് 02/06/2014-ൽ യു.പി.എസ്.എ. ആയി ജോലിയിൽ പ്രവേശിച്ച ശ്രീ.ഫ്രാൻസിസ് ജെ.യെക്കാൾ സീനിയർ.

KER Chapter 32 Rule 6 പ്രകാരം ടി തസ്തികയിൽ നിയമിക്കപ്പെടുവാൻ താഴെപ്പറയുന്ന യോഗ്യതകൾ എനിക്കുണ്ട്.

1. Master's Degree in Social Work (MSW) from MG University, Kottayam

2. B.Ed. in Social Science and English from IGNOU

3. State Eligibility Test (SET) in Social Work

KER Chapter 32 Rule 6-ൽ B.Ed. യോഗ്യതയെപ്പറ്റി പറയുന്നത് "B.Ed. in the concerned subject acquired after a regular course of study from any of the Universities in Kerala or a qualification recognized as equivalent thereto by a University in Kerala." എന്നാണ്. Calicut University-യിൽ നിന്ന് എന്റെ ബി.എഡ്. കോഴ്സ് സർട്ടിഫിക്കറ്റിന് Equivalency Certificate ലഭിച്ചിട്ടുണ്ട്.

14/05/2018-ൽ ഈ തസ്തികയിലേയ്ക്ക് എന്നെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം മാനേജർക്ക് അപേക്ഷ നൽകി. എന്നാൽ യാതൊരുവിധ നടപടിയും ഉണ്ടായില്ല. 2018-19 അധ്യയന വർഷത്തിൽ ഈ തസ്തികയിൽ യാതൊരുവിധ നിയമനവും നടന്നില്ല. 10/06/2019-ൽ ഈ തസ്തികയിലേയ്ക്ക് 30/09/2019 വരെ മാനേജർ ഡെയിലി വെയ്ജ് അദ്ധ്യാപികയെ നിയമിച്ചു. തെറ്റായ ഈ നടപടിയെ തുടർന്ന് 11/06/2019-ൽ ഈ തസ്തികയിലേയ്ക്ക് എന്നെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജർക്ക് വീണ്ടും അപേക്ഷ നൽകുകയും, കോട്ടയം ആർ.ഡി.ഡി.ക്ക് എന്റെ പരാതി ബോധിപ്പിക്കുകയും മാനേജർക്ക് ഉചിതമായ ശുപാർശ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് കത്തു നൽകി. ഈ അപേക്ഷകളിലും യാതൊരുവിധ നടപടികളും ഉണ്ടായില്ല. 01/10/2019 മുതൽ 31/12/2019 വരെ മാനേജർ മുൻ അദ്ധ്യാപികയെ തന്നെ ഡെയിലി വെയ്ജ് ആയി തുടർന്നും നിയമിച്ചു.18/01/2020-ന് ഈ കാരണങ്ങൾ കാണിച്ച് ആർ.ഡി.ഡി.ക്ക് വീണ്ടും പരാതി നൽകി. ഇതിനെ തുടർന്ന് ആർ.ഡി.ഡി. 20/02/2020-ന് എന്റെ പരാതിയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മാനേജർക്ക് കത്തു നൽകി. എന്നാൽ മാനേജർ അതിന് യാതൊരു മറുപടിയും നൽകിയില്ല. ഡെയിലി വേജസ് നിയമനങ്ങൾ നടത്തി സ്ഥിരനിയമനം നടത്തുന്നത് വൈകിപ്പിക്കുന്നതിനിടയിൽ എതിർകക്ഷിയായ ശ്രീ.ഫ്രാൻസിസ് ജെ.യെ 06/06/2019-ൽ എച്ച്.എസ്.റ്റി.(എസ്.എസ്.) ആയി നിയമിക്കപ്പെടാൻ യോഗ്യതയുണ്ടായിരുന്ന സീനിയർ ആയ മറ്റ് യു.പി.എസ്.റ്റി. അധ്യാപകർ ഉണ്ടായിരുന്നിട്ടും അവരുടെ സിനിയോറിറ്റി മറികടന്ന് പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ എച്ച്.എസ്.റ്റി.(എസ്.എസ്) ആയി നിയമിച്ചു. തുടർന്ന് 25/02/2020-ൽ ശ്രീ.ഫ്രാൻസിസ് ജെ.യ്ക്ക് പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് തസ്തികയിലേക്ക് സ്ഥിരനിയമനം നൽകി. ഈ തെറ്റായ നടപടികൾ ടി തസ്തികയിൽ ഒഴിവ് ഉണ്ടായ തീയതിയിൽ സീനിയറായ എനിക്ക് നിയമനം നൽകുന്നത് ഒഴിവാക്കി എതിർകക്ഷിക്ക് അവസരം ഒരുക്കുന്നതിന് വേണ്ടിയാണ്.07/05/2020-ന് ആർ.ഡി.ഡി. എന്റെ പരാതി പരിഗണിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് മാനേജർക്ക് കത്ത് നൽകി. 07/10/2020-ന് ആർ.ഡി.ഡി. ഇരുകക്ഷികളെയും നേരിട്ട് കേൾക്കാനായി ഓഫീസിലേക്ക് വിളിച്ചു. ഞാൻ എന്റെ വിദ്യാഭ്യാസ യോഗ്യതകൾ അടക്കമുള്ള എല്ലാ

രേഖകളും ആർ.ഡി.ഡി.ക്ക് മുമ്പിൽ ഹാജരാക്കുകയും അത് പരിശോധിക്കപ്പെടുകയും എന്റെ പരാതി ബോധിപ്പിക്കുകയും ചെയ്തു. ആ ദിവസം മാനേജർ ഹാജരായില്ല. പിന്നീട് ഒരു ദിവസമാണ് മാനേജരുടെ പ്രതിനിധി ഹാജരായത്. ഹിയറിങ്ങുമായി ബന്ധപ്പെട്ട് എനിക്ക് ബോധിപ്പിക്കാനുള്ള കാര്യങ്ങൾ ആർ.ഡി.ഡി.ക്ക് രേഖാമൂലം സമർപ്പിച്ചിട്ടുള്ളതാണ്. ആർ.ഡി.ഡി. എന്റെ സർട്ടിഫിക്കറ്റുകളുടെ Genuineness അടക്കം പരിശോധിച്ച് ബോധ്യപ്പെട്ടതുമാണ്. എന്റെ പരാതിയിലെ സത്യാവസ്ഥ ബോധ്യപ്പെട്ട് ഫാ:ഫ്രാൻസിസ് ജെ.യുടെ നിയമനം നിരസിക്കുകയും, സീനിയറായ അധ്യാപികയ്ക്ക് നിയമനം നൽകാൻ മാനേജരോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് 17/04/2021 ന് ആർ.ഡി.ഡി. ഉത്തരവിറക്കി.

ഉത്തരവ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മാനേജർക്കും മാനേജരോട് ശുപാർശ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ആർ.ഡി.ഡി.ക്കും വീണ്ടും ഞാൻ കത്ത് നൽകി. എന്നാൽ മാനേജർ ആർ.ഡി.ഡി.യുടെ ഉത്തരവിനെ ചോദ്യം ചെയ്ത് ഡി.ജി.ഇ.യ്ക്ക് അപ്പീൽ നൽകി. 15/09/2021-ന് ഡി.ജി.ഇ. അപ്പീലിൻമേൽ ഹിയറിംഗ് നടത്തി വസ്തുതകളും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷികളുടെ അപ്പീലുകൾ നിരസിച്ചു കൊണ്ടും കോട്ടയം ആർ.ഡി.ഡി.യുടെ 17/04/2021-ലെ തീരുമാനം ശരിവച്ചു കൊണ്ടും ഉത്തരവിറക്കി. ഈ ഉത്തരവും മാനേജർ നടപ്പിലാക്കാൻ തയ്യാറാവാത്തതാണ് ഡബ്ല്യുപി(സി)കൾക്ക് ആധാരം.

ഡബ്ല്യുപി(സി)നം.6654/2022-ൽ എതിർകക്ഷികൾ ഉന്നയിക്കുന്ന വാദങ്ങൾക്കുള്ള മറുപടി:

വാദം 1 - ബി.എഡ്. യോഗ്യത സംബന്ധിച്ച് : "never secured B.Ed. Qualification in Social Science, under going regular studies."

<u>മറുപടി</u>

a. സോഷ്യൽ സയൻസ്, ഇംഗ്ലീഷ് വിഷയങ്ങളിൽ എനിക്ക് ബി.എഡ്. ഉണ്ട്.
b. IGNOU നൽകിയ എന്റെ ബി.എഡ്. കോഴ്സിന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Equivalency Certificate നൽകിയിട്ടുള്ളതാണ്. KER Rule-ൽ "or a qualification recognised as equivalent thereto by a University in Kerala" എന്ന ഭാഗം എന്റെ യോഗ്യത ശരിവയ്ക്കുന്നതാണ്.
c. "B.Ed. in Social Work" എന്ന qualification നിലവിലില്ല. അതിനാൽ Clause 1-ൽ പറയുന്ന "B.Ed. in the concerned subject" എന്നത് ആപ്ലിക്കബിൾ അല്ല. Clause 2 ആണ് ഇവിടെ ആപ്ലിക്കബിൾ. റൂൾ പ്രകാരം "concerned faculty" ആയ സോഷ്യൽ സയൻസിൽ എനിക്ക് ബി.എഡ്. യോഗ്യതയുണ്ട്. Clause 2-ൽ "regular course of study" വേണം എന്ന്

പ്രതിപാദിക്കുന്നുമില്ല.

d. NCTE, UGC എന്നിവയുടെ അംഗീകാരത്തോടെയാണ് IGNOU, B.Ed. കോഴ്സുകൾ നടത്തുന്നത്. 2 വർഷത്തെ അദ്ധ്യാപന പരിചയമുള്ള ഇൻ സർവ്വീസ് അധ്യാപകർക്ക് മാത്രമെ ഈ കോഴ്സ് പഠിക്കാൻ കഴിയുകയുള്ളൂ.

e. എതിർകക്ഷികൾ വാദത്തിലുടനീളം ചൂണ്ടി കാണിക്കുന്ന, Distance Education-ലൂടെ നേടിയ യോഗ്യതകൾ ടീച്ചിംഗ് പോസ്റ്റുകൾക്ക് പരിഗണിക്കുന്നതല്ല എന്ന G.O.(P)No.364/02 dated 06/11/2002 of General Education Department നിലവിൽ ക്യാൻസൽ ചെയ്യപ്പെട്ടതാണ്.

f. No.11087/E2/2005/G.Edn. എന്ന ഓർഡറിൽ മേൽപ്പറഞ്ഞ ഓർഡർ ക്യാൻസൽ ചെയ്യുന്നതായും "IGNOU has been established under Sub Section (2) of Section (1) of the IGNOU Act, 1985 (50 of 1985) passed by the Parliament. The certificates, Degrees, Diplomas awarded by the IGNOU are to be treated equivalent to the corresponding awards of the Universities of the State" എന്നും വ്യക്തമാക്കിയിട്ടുണ്ട്.

g. U.O.No.Ac.D/1/2543/2001 dated 22/06/2002 എന്ന MG University Order-ൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക സർവ്വീസിൽ കയറിയതിന് ശേഷം IGNOU B.Ed.ന് അഡ്മിഷൻ നേടിയവരുടെ B.Ed. Certificate-ന് Equivalency നൽകാം എന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്.

h. G.O.(Ms)No.94/2009/G.Edn dated 28/03/2009 പ്രകാരം IGNOU അവാർഡ് ചെയ്യുന്ന ബി.എഡ്. ഡിഗ്രി ഒരു "alternate qualification prescribed for appointment as teachers in schools in the state" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

i. ഇതിൻപ്രകാരം ഗവൺമെന്റ് സ്കൂൾസ് ബൈട്രാൻസ്ഫർ നിയമനങ്ങൾക്കുള്ള ഡിപ്പാർട്ട്മെന്റ് അപേക്ഷയിൽ "IGNOU B.Ed. നേടിയവർ രണ്ട് വർഷത്തെ അധ്യാപക പരിചയത്തിന് ശേഷമാണ് ബി.എഡ്. എടുത്തത് എന്ന കൺട്രോളിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം" എന്ന് പ്രത്യേകം രേഖപ്പെടുത്താറുണ്ട്. (AD.B2/194881/DGE/2021 dated 15/02/2021, AD.B2/15277/2016/HSE dated 04/03/2017 മുതലായ നോട്ടിഫിക്കേഷനുകൾ പരിശോധിക്കാവുന്നതാണ്.)

j. IGNOU B.Ed. കോഴ്സുകൾ എല്ലാം തന്നെ Double Main ആണ്. എനിക്ക് ഇംഗ്ലീഷ്, സോഷ്യൽ സയൻസ് എന്നീ വിഷയങ്ങളിലാണ് ഇതുള്ളത്.

ബി.എ.ഇംഗ്ലീഷ്, എം.എസ്.ഡബ്ല്യു. എന്നീ കോഴ്സുകൾ പൂർത്തിയാക്കി, രണ്ട് വർഷത്തെ അദ്ധ്യാപക പരിചയത്തിനും ശേഷമാണ് ഞാൻ IGNOU ബി.എഡ്.ന് സോഷ്യൽ സയൻസ്, ഇംഗ്ലീഷ് എന്നിവ മെയിൻ വിഷയങ്ങളായി തെരഞ്ഞെടുത്തത് അഡ്മിഷൻ നേടിയത്.

k. ഡബ്ല്യുപി(സി)യിൽ തന്നെ എതിർകക്ഷികൾ പരാമർശിക്കുന്നുണ്ട് എന്നെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് ആയി പ്രൊമോഷൻ നൽകിയതിനെപ്പറ്റി. ഇതേ ബി.എഡ്. കോഴ്സിന്റെ ഇംഗ്ലീഷ് എന്ന വിഷയം അടിസ്ഥാനപ്പെടുത്തി എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയിൽ പ്രൊമോഷൻ നൽകിയ മാനേജർ സോഷ്യൽ സയൻസ് എന്ന വിഷയം അംഗീകരിക്കില്ല എന്ന വാദം തികച്ചും ഘടകവിരുദ്ധമാണ്.

l. എന്റെ ബി.എഡ്. സർട്ടിഫിക്കറ്റിന്റെ Genuineness, സർവീസ് ബുക്കിൽ ചേർക്കുന്നതിന്റെ ഭാഗമായി പാലാ ജില്ലാ വിദ്യാഭ്യാസ ഓഫീസറും, പരാതിയിന്മേലുള്ള ഹിയറിംഗിന്റെ ഭാഗമായി കോട്ടയം ആർ.ഡി.ഡി.-യും പരിശോധനയ്ക്ക് വിധേയമാക്കി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതിനാൽ ബി.എഡ്. യോഗ്യത സംബന്ധിച്ച് എതിർകക്ഷികൾ ഉന്നയിച്ച വാദം നിലനിൽക്കില്ല.

വാദം 2. എച്ച്.എസ്.റ്റി. (എസ്.എസ്) ആയ എതിർകക്ഷിക്ക് നിയമനം നൽകുന്നതിന് യു.പി.എസ്.റ്റി. ആയ എന്റെ സീനിയോരിറ്റി പരിഗണിക്കേണ്ടതില്ല എന്നത്.

<u>മറുപടി</u>:

ടി തസ്തികയിൽ വേക്കൻസി ഉണ്ടായത് 06/05/2018-ൽ മരണം മൂലമാണ്. ഈ തീയതിയിൽ ടി തസ്തികയിലേക്ക് നിയമിക്കപ്പെടാൻ യോഗ്യതയുള്ള സീനിയർ ടീച്ചർക്കാണ് നിയമനം നൽകേണ്ടത്. 14/05/2018-ൽ തന്നെ ഞാൻ മാനേജരെ നേരിട്ട് കണ്ട് അപേക്ഷ നൽകിയിട്ടും അത് കണ്ടില്ലെന്ന് നടിച്ച് എന്റെ ജൂനിയറായ എതിർകക്ഷിയെ എച്ച്.എസ്.റ്റി.(എസ്.എസ്.) തസ്തികയിലേക്ക് നിയമിക്കും വരെ ഗസ്റ്റ് ടീച്ചറിനെ നിയമിച്ച് സ്ഥിരനിയമനം വൈകിപ്പിച്ചത് തികച്ചും തെറ്റായ നടപടിക്രമമാണ്. ഇത് ഗൂഢാലോചനാപരമാണെന്നതും വളരെ വ്യക്തമാണ്. ഈ കാര്യങ്ങൾ പരാമർശിച്ച് ആർ.ഡി.ഡി.ക്ക് പരാതി നൽകിയിട്ടുള്ളതുമാണ്.

വാദം 3. ബി.എഡ്. ക്വാളിഫിക്കേഷൻ സർവീസ് ബുക്കിൽ ചേർത്തിട്ടില്ല എന്നത്.

<u>മറുപടി</u>

i. KER Chapter 42A Rule 33 പ്രകാരം സർവീസ് ബുക്കിൽ എൻട്രി നടത്തേണ്ട ഉത്തരവാദിത്തം ഹെഡ്മാസ്റ്ററിൽ നിക്ഷിപ്തമാണ്. 2018 മാർച്ചിൽ എന്റെ ബി.എഡ്. യോഗ്യതാ സർട്ടിഫിക്കറ്റ് സർവീസ് ബുക്കിൽ ചേർക്കുന്നതിനായി സ്കൂൾ

ഹെഡ്മാസ്റ്ററുടെ പക്കൽ അപേക്ഷയോടൊപ്പം നൽകിയിട്ടുള്ളതാണ്. ഇത് സർവീസ് ബുക്കിൽ എഴുതി ചേർത്തിട്ടുള്ളതുമായിരുന്നു. എന്നാൽ ഇത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറ്റസ്റ്റ് ചെയ്യുന്നതിന് മാത്രമാണ് കാലതാമസം വന്നിട്ടുള്ളത്.

ii. ഹെഡ്മാസ്റ്റർക്ക് നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ ബി.എഡ്. യോഗ്യത സമന്വയ പോർട്ടലിൽ എന്റർ ചെയ്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഡി.ജി.ഇ.യിൽ നിന്നും ലഭിച്ച വിവരാവകാശരേഖ ഇതിന് തെളിവാണ്. സർവീസ് ബുക്ക് പരിശോധിച്ചാണ് അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യത മനസ്സിലാക്കിയത് എന്ന മാനേജ്മെന്റിന്റെ വാദം ഇതിനാൽ തന്നെ തികച്ചും വാസ്തവ വിരുദ്ധമാണ്.

iii. സർവീസ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ മാത്രമേ പ്രൊമോഷൻ അർഹതയുള്ളവരെ കണ്ടെത്താൻ പാടുള്ളൂ എന്ന് കെ.ഇ.ആർ.ൽ എവിടെയും പരാമർശിച്ചിട്ടില്ല.

iv. KER Chapter 42A Rule 34,35,36 പ്രകാരം Form 11A സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നുമാണ് നിയമനം നടത്തേണ്ടത് എന്നാണ് പരാമർശിച്ചിരിക്കുന്നത്. ഇത്തരത്തിൽ Form 11A-യിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയോ കോർപ്പറേറ്റ് മാനേജ്മെന്റിലെ അധ്യാപകർ അതിൽ ഒപ്പുവെക്കുകയോ പ്രസിദ്ധീകരിക്കുകയോ പരാതികൾ ഇല്ലെന്ന് ഉറപ്പുവരുത്തുകയോ പരാതികൾ പരിഹരിച്ച് വിദ്യാഭ്യാസ ഓഫീസർക്ക് മുമ്പിൽ അപ്രൂവലിനായി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

v. 15/06/2021 കോട്ടയം ആർ.ഡി.ഡി.ക്ക് ടി മാനേജ്മെന്റ് എച്ച്.എസ്.എസ്.റ്റി. തസ്തികയിലേക്ക് നടത്തിയ ബൈട്രാൻസ്ഫർ പ്രമോഷൻ പ്രൊപ്പോസലുകൾ പരിശോധിച്ചാൽ സർവീസ് ബുക്കിൽ യോഗ്യത എന്റർ ചെയ്യാത്തവർക്ക് പോലും പ്രൊമോഷൻ നൽകിയിട്ടുള്ളതായി മനസ്സിലാക്കാം. എന്റെ കാര്യത്തിൽ മാത്രമാണ് മാനേജർ ഇത്തരമൊരു തടസ്സവാദം ഉന്നയിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

vi. സീനിയോറിറ്റി ലിസ്റ്റിന്റെ അഭാവത്തിൽ മാനേജർ നൽകിയ സത്യവാങ്മൂലങ്ങളുടെയും ഡിക്ലറേഷനുകളുടെയും അടിസ്ഥാനത്തിലാണ് ശ്രീ.ഫ്രാൻസിസ് ജെ.യുടെ നിയമനം നടത്തിയിരിക്കുന്നത്. അതുപ്രകാരം ഈ നിയമനത്തിനു മേൽ സീനിയർ അദ്ധ്യാപകന്റെ പരാതി ഉണ്ടാകുകയാണെങ്കിൽ പൂർണ ഉത്തരവാദിത്തം മാനേജർ ഏറ്റെടുത്തിട്ടുള്ളതാണ്. എന്റെ അപേക്ഷ ലഭിച്ചിട്ടും, എന്റെ പരാതിയിന്മേൽ ആർ.ഡി.ഡി. റിപ്പോർട്ട് ആവശ്യപ്പെട്ടതിനു ശേഷവും മാനേജർ നടത്തിയിട്ടുള്ള ഈ നിയമനത്തിനു മുമ്പ് സീനിയറായ എന്റെ വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന വിവരങ്ങൾ മാനേജർക്ക് ലഭ്യമായിട്ടില്ല എന്ന് പറയുന്നത് തികച്ചും വാസ്തവവിരുദ്ധമായ കാര്യമാണ്. എന്നിട്ടും തെറ്റായ

സത്യവാങ്മൂലം നൽകിയാണ് മാനേജർ ഈ നിയമനം നടത്തിയിരിക്കുന്നത്.

vii. ഈ നിയമനത്തിനു മുമ്പ് രണ്ടുതവണ ഡെയിലി വേജ് അദ്ധ്യാപികയെ നിയമിച്ചപ്പോഴും മാനേജ്മെന്റിന് കീഴിൽ മറ്റ സീനിയറായ ക്വാളിഫൈഡ് അദ്ധ്യാപകൻ/അധ്യാപിക ഇല്ല എന്ന് സത്യവാങ്മൂലം നൽകിയിട്ടുള്ളതാണ്. ടി ഡെയിലി വേജ് നിയമനവും തെറ്റായ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലാണ് നടത്തിയിട്ടുള്ളത്. ഈ സത്യവാങ്മൂലത്തിൽ യോഗ്യരായ അധ്യാപകർ ഇല്ല എന്ന് പറയുകയും പിന്നീട് 25/02/2020-ൽ ശ്രീ.ഫ്രാൻസിസ് ജെ. എന്ന അധ്യാപകന്റെ ബൈട്രാൻസ്ഫർ നിയമനസമയത്ത് ടി അധ്യാപകൻ 02/06/2014 മുതൽ യോഗ്യനായി സർവീസിൽ ഉണ്ട് എന്ന് പറയുകയും ചെയ്യുന്നതിലെ വൈരുദ്ധ്യവും ശ്രദ്ധേയമാണ്.

viii. 06/06/2019-ൽ ടി മാനേജ്മെന്റിലെ എച്ച്.എസ്.റ്റി. (എസ്.എസ്) ആയി നിയമിക്കപ്പെടാൻ യോഗ്യതയുള്ള സീനിയറായ മറ്റ് പ്രൈമറി അധ്യാപകരെ മറികടന്ന് ശ്രീ.ഫ്രാൻസിസ് ജെ.യെ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിൽ നിയമിക്കുകയും, അതിനെ തുടർന്ന് എച്ച്.എസ്.എസ്.റ്റി. ആയി നിയമിക്കുകയും ചെയ്തതിൽ നിന്ന് ഈ കാര്യത്തിൽ മാനേജ്മെന്റിന്റെ കാപട്യം വ്യക്തമാകുന്നതാണ്. യോഗ്യരായ എച്ച്.എസ്.റ്റി.മാരുടെ അഭാവത്തിൽ മാത്രമേ പ്രൈമറി അധ്യാപകരെ എച്ച്.എസ്.എസ്.റ്റി. തസ്തികയിലേക്ക് പരിഗണിക്കേണ്ടതുള്ളൂ എന്ന സാധ്യത മുന്നിൽ കണ്ടാണ് ഇത്തരം ഒരു പ്രവൃത്തി മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഡെയിലി വേജ് നിയമനങ്ങൾ നടത്തി സ്ഥിരനിയമനം വൈകിപ്പിക്കാൻ മാനേജ്മെന്റ് മനപ്പൂർവമായി ശ്രമിച്ചു എന്നത് ഇതിന്റെ തെളിവാണ്. വേക്കൻസി നിലവിൽവന്ന തീയതിയിൽ ഞാനാണ് യോഗ്യയായ സീനിയർ അധ്യാപിക എന്നതിനാൽ ഇത് അംഗീകരിക്കാൻ കഴിയുന്നതല്ല.

06/05/2018 മുതൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനും അതിൻ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുമുള്ള അർഹതയുണ്ടായിട്ടും മാനേജരുടെ തെറ്റായ നടപടിക്രമങ്ങൾ മൂലം എനിക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിനായി 06/05/2018 മുതൽ മുൻകാല പ്രാബല്യത്തോടെ ടി തസ്തികയിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവിറക്കാൻ മാനേജരോട് നിർദ്ദേശിച്ച് എത്രയും വേഗത്തിൽ എനിക്ക് നീതി നടപ്പിലാക്കിത്തരണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**4. കോർപ്പറേറ്റ് മാനേജർ ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

1) ഈ മാനേജ്മെന്റിനു കീഴിലുള്ള പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ സോഷ്യൽ വർക്ക് വിഷയത്തിലെ അദ്ധ്യാപകൻ ശ്രീ.ദേവസ്യ

ജോസഫിന്റെ നിര്യാണത്തെ തുടർന്ന് 5/2018-ൽ ഒരു എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു)-ന്റെ ഒഴിവ് സംജാതമായി.

2) ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങൾ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXII ചട്ടം 4(2) പ്രകാരമാണ് നടത്തേണ്ടത്. ചട്ടം 4(2)(1) പ്രകാരം നിയമിക്കപ്പെട്ടുവാൻ യോഗ്യതയുള്ളവരില്ലാത്ത പക്ഷം നിയമിക്കപ്പെടേണ്ടത് ചട്ടം 4(2)(1)(a) പ്രകാരവും ആയത് പ്രകാരം നിയമിക്കപ്പെട്ടുവാൻ അർഹരായവർ ഇല്ലാത്തപക്ഷം ചട്ടം 4(2)(1)(b) പ്രകാരവുമാണ് നിയമിക്കപ്പെടേണ്ടത്. ഇതനുസരിച്ച് എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) ഒഴിവിലേക്ക് നിയമിക്കപ്പെടുന്നതിന് ആദ്യം പരിഗണിക്കേണ്ട ചട്ടം 4 (2) (1) വിഭാഗത്തിലോ, ചട്ടം 4 (2) (1) (a) വിഭാഗത്തിലോ യോഗ്യതയുള്ളവർ ഇല്ലാത്ത സാഹചര്യത്തിൽ പരിഗണിക്കാവുന്ന വിഭാഗമാണ് ചട്ടം 4 (2) (1) (b) പ്രകാരമുള്ളവർ. അതായത് മറ്റ് വിഭാഗക്കാരില്ലെങ്കിൽ യു.പി. വിഭാഗത്തിൽ പൂർണ്ണ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ അനുയോജ്യത (suitability) ക്കനുസൃതമായി നിയമിക്കാമെന്നുള്ളതാണ് ഈ വ്യവസ്ഥ.

3) എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത പരാമർശിക്കുന്ന ചട്ടം 6(2) 29(ii) (i) ഇപ്രകാരമാണ് ".........B.Ed. in the concerned subject acquired after a regular course of study from any of the Universities in Kerala or qualification recognized as equivalent thereto by a University in Kerala."

Note (1) :

In the absence of B.Ed. Degree holders, candidates having Master's degree with not less than 50% marks and who have passed SET will be considered. Preference to those who have acquired Ph.D./M.Phil. such teachers will have to acquire B.Ed. at their own expense within 5 years."

4) മേൽപ്പറഞ്ഞ ചട്ടങ്ങളുടെ പരിധിക്കുള്ളിൽ മാത്രമേ ഹർജിക്കാരിയുടെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) നിയമനാവശ്യം പരിശോധിക്കാനാവൂ. ഹർജിക്കാരിയായ ശ്രീമതി ജൂബിറ്റ് മാത്യുവിനെ ഈ മാനേജ്മെന്റിൽ നിയമിക്കുന്നത് യു.പി.എസ്.എ. ആയിട്ടാണ്. നിയമന സമയത്ത് ടിയാളുടെ പ്രൊഫഷനൽ വിദ്യാഭ്യാസ യോഗ്യത റ്റി.റ്റി.സി. മാത്രമായിരുന്നു. തുടർന്ന് സർവീസിലിരിക്കെയാണ് ടിയാൾ വിദൂരവിദ്യാഭ്യാസപദ്ധതിയിലൂടെ ബി.എഡ്. യോഗ്യത നേടുന്നത്. മുകളിലെ പരാമർശ പ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ നിന്ന് റഗുലറായി നേടിയ ബി.എഡ്. ഡിഗ്രിക്കാരെ മാത്രമേ എച്ച്.എസ്.എസ്.റ്റി. തസ്തികയിൽ നിയമിക്കാനാവൂ. ഹൈസ്കൂൾ തലം വരെയുള്ള നിയമനത്തിനു മാത്രമേ വിദൂരവിദ്യാഭ്യാസ പദ്ധതിപ്രകാരം നേടിയ ബി.എഡ്. അംഗീകരിക്കാനാവുകയുള്ളൂ. (Vide G.O.(Ms)94/2009.) HSST

നിയമനം Special Rules പ്രകാരമാണെന്ന് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XXXII-ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. അപ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങളെ എക്സിക്യൂട്ടിവ് ഉത്തരവ് കൊണ്ട് മറികടക്കാനാവില്ല. ഈ വ്യവസ്ഥയ്ക്ക് യാതൊരു ഭേദഗതിയും ഇതുവരെ വന്നിട്ടുള്ളതല്ല, മാത്രവുമല്ല അപ്രകാരമൊരു ഭേദഗതിക്ക് മുൻകാല പ്രാബല്യം നൽകാനുമാവില്ല. അതിനാൽ റഗുലർ കോഴ്സിലൂടെ നേടിയ ബി.എഡ്. മാത്രമേ ഹയർ സെക്കൻഡറി അദ്ധ്യാപക നിയമനത്തിന് പരിഗണിക്കാനാവുകയുള്ളൂ. വിദൂര വിദ്യാഭ്യാസ പദ്ധതിയിലൂടെ ബി.എഡ്. യോഗ്യത നേടിയ ശ്രീമതി ജൂബിറ്റ് മാത്യുവിന് അഭിലഷണീയ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള Ph.D./M.Phil. യോഗ്യതയുമില്ല.

5) ശ്രീമതി ജൂബിറ്റ് മാത്യു ഈ തസ്തികയിൽ അവകാശമുന്നയിച്ച സാഹചര്യത്തിൽ ഈ തസ്തികയിൽ നിയമിക്കപ്പെടുന്നതിനുള്ള ടിയാളുടെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ ടിയാളിൽ നിന്ന് ശേഖരിച്ച് സമർപ്പിക്കാൻ പ്രിൻസിപ്പാളിനോട് നിർദ്ദേശിച്ചെങ്കിലും അനുകൂലമായ പ്രതികരണമുണ്ടായില്ല. തുടർന്ന് ടിയാളുടെ സേവനപുസ്തകം ഹാജരാക്കുന്നതിന് നിർദ്ദേശിക്കുകയും ആയത് ലഭിച്ച മുറയ്ക്ക് അത് പരിശോധിക്കുകയും ചെയ്തതിൽ, ടി സേവനപുസ്തകത്തിന്റെ രണ്ടാം പേജിൽ ക്രമനമ്പർ 5 ആയി ബി.എഡ്. യോഗ്യത എഴുതി ചേർത്തതായി കണ്ടു. എന്നാൽ ക്രമനമ്പർ 1 മുതൽ 4 വരെ ചേർത്തിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ മാത്രമേ വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. എയ്ഡഡ് സ്കൂൾ ജീവനക്കാരെ സംബന്ധിച്ചിടത്തോളം സേവനപുസ്തകത്തിലെ പാർട്ട് ഒന്നിലെ സകല രേഖപ്പെടുത്തലുകളും ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ശ്രീമതി ജൂബിറ്റ് മാത്യു ബി.എഡ്. പാസ്സായ വിവരം ക്രമനമ്പർ 5 ആയി ഉൾച്ചേർത്തെങ്കിലും അതിന്റെ ആധികാരികത വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ശ്രീമതി ജൂബിറ്റ് മാത്യുവിന് തന്റെ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മാനേജർക്ക് നേരിൽ സമർപ്പിക്കാമായിരുന്നിട്ടും അപ്രകാരം ഒരു നടപടി ടിയാളുടെ ഭാഗത്തുനിന്നുണ്ടായില്ല.

6) ഫാദർ ഫ്രാൻസിസിനെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യൂ) ആയി 25/02/2020-ൽ നിയമിക്കുന്ന അവസരത്തിലും ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ സേവനപുസ്തകം പരിശോധിക്കുകയും ടിയാളുടെ വിദ്യാഭ്യാസ യോഗ്യത പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അന്നേ തീയതിയിൽ പോലും ടിയാളുടെ ബി.എഡ്. യോഗ്യതാവിവരം വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിരുന്നില്ല. ഈ യോഗ്യതാവിവരം 05.01.2021-ൽ മാത്രമാണ് വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതെന്ന വസ്തുത ടിയാളുടെ സേവനപുസ്തകം പരിശോധിച്ചാൽ ബോധ്യപ്പെടുന്നതാണ്.

7) പൂഞ്ഞാർ സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂളിലെ സോഷ്യൽ വർക്ക് അദ്ധ്യാപകനായിരുന്ന ശ്രീ.ദേവസ്യ ജോസഫിന്റെ നിര്യാണത്തെത്തുടർന്ന് ഒഴിവ് 5/2018-ൽ സംജാതമായെങ്കിലും ടി തസ്തികയിൽ പരിഗണിക്കപ്പെടുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത തെളിയിച്ചുകൊണ്ട് യാതൊരു അപേക്ഷയും ശ്രീമതി ജൂബിറ്റ് മാത്യു യഥാസമയം നൽകിയിരുന്നില്ല. 11.06.2019-ൽ മാത്രമാണ് ഈ ആവശ്യമുന്നയിച്ച് ഒരു പരാതി നൽകിയത് എന്ന് ടിയാൾ തന്നെ തന്റെ ഹർജിയിൽ പരാമർശിക്കുന്നുണ്ട്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിൽ

നിയമനാവകാശമുള്ളയാൾ യഥാസമയം നിയമനാധികാരിയായ മാനേജരെ അറിയിക്കാത്തിടത്തോളം ആദ്യ നിയമനത്തീയതിക്കുശേഷം ടിയാൾ കാലാകാലം നേടുന്ന വിദ്യാഭ്യാസ യോഗ്യതകൾ മാനേജർ അറിഞ്ഞിരിക്കണമെന്നില്ല. മേൽ വിശദീകരിച്ച വസ്തുതകളുടെ വെളിച്ചത്തിൽ ശ്രീമതി ജൂബിറ്റ് മാത്യുവിനെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) ആയി നിയമിക്കപ്പെടുവാനാവശ്യമായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്ന് ടിയാൾ യഥാസമയം ബോധിപ്പിച്ചിട്ടില്ല.

8) ശ്രീമതി ജൂബിറ്റ് മാത്യു ഈ തസ്തികയിൽ അവകാശമുന്നയിച്ച 2019-20 അദ്ധ്യയനവർഷത്തിൽ ഇതേ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ചട്ടം 4(2)(1)(a) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ നിന്നു തന്നെ നിയമനാവകാശിയുണ്ടായി. എച്ച്.എസ്.റ്റി. (എസ്.എസ്.) ആയി നിയമനം അംഗീകരിക്കപ്പെട്ടതോടെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) തസ്തികയിൽ നിയമിക്കപ്പെടുന്നതിന് MSW, B.Ed., M.Phil. എന്നീ യോഗ്യതകളുള്ള ഫാദർ ഫ്രാൻസിസ് എന്ന ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകൻ മുൻഗണനാവകാശം നേടുകയും ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിൽ നിയമനാവകാശമുള്ളവരില്ലെങ്കിൽ മാത്രമേ യു.പി. വിഭാഗത്തിൽ നിന്നുള്ള നിയമനാവകാശിയെ പരിഗണിക്കാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് ഫാദർ ഫ്രാൻസിസിനെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) ആയി നിയമിച്ചത്. അദ്ധ്യാപക താൽപ്പര്യത്തിനപ്പുറം അക്കാദമിക താൽപ്പര്യം പരിഗണിച്ചാണ് ഹൈസ്കൂൾ വിഭാഗത്തിൽ ബിരുദതലത്തിലും ബിരുദാനന്തരതലത്തിലും സോഷ്യോളജിയിലും സോഷ്യൽ വർക്കിലും യോഗ്യതനേടുകയും M.Phil. യോഗ്യത നേടുകയും ചെയ്തിട്ടുള്ള ഫാദർ ഫ്രാൻസിസിനെ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) ആയി നിയമിച്ചത്.

9) ഈ വസ്തുതകളുടെയടിസ്ഥാനത്തിൽ 25.02.2020 മുതൽ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) ആയി നിയമിക്കപ്പെടാൻ അർഹത ഫാദർ ഫ്രാൻസിസ് ജെ.യ്ക്കാണ് എന്ന് ബോധിപ്പിക്കുന്നു.

**5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കൻഡറി വിഭാഗം) റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.**

കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ലെ എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്) ആയിരുന്ന ശ്രീ.ദേവസ്യ ജോസഫ് 06/05/2018-ൽ മരണപ്പെട്ടതിനെ തുടർന്ന് നിലവിൽ വന്ന ഒഴിവിൽ എച്ച്.എസ്.റ്റി. ആയ ഫാദർ ഫ്രാൻസിസ് ജെ.യെ 25/02/2020 മുതൽ എച്ച്.എസ്.എസ്.റ്റി.(സോഷ്യൽ വർക്ക്) തസ്തികയിൽ മാനേജർ നിയമിച്ചു. എന്നാൽ ഫാദർ ഫ്രാൻസിസ് ജെ.യുടെ നിയമനം ക്രമപ്രകാരമല്ലായെന്നും ടി തസ്തികയിലേക്ക് യോഗ്യ ശ്രീമതി ജൂബിറ്റ് മാത്യു (യു.പി.എസ്.റ്റി.)ആണെന്നും അവകാശപ്പെട്ട് ടിയാരി 11/06/2019, 18/01/2020 തീയതികളിൽ കോട്ടയം ആർ.ഡി.ഡി. മുമ്പാകെ പരാതി നൽകുകയും അതിനെ തുടർന്ന് 20/02/2021 തീയതിയിൽ കോട്ടയം ആർ.ഡി.ഡി. ഹിയറിംഗ് നടത്തുകയും ടി കൂടിക്കാഴ്ചയിൽ മാനേജരുടെ പ്രതിനിധി, ശ്രീമതി ജൂബിറ്റ് മാത്യു, ഫാ.ഫ്രാൻസിസ് ജെ. എന്നിവരുടെ വാദഗതികൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി ജൂബിറ്റ് മാത്യു

01/06/2011-ലും ഫാദർ ഫ്രാൻസിസ് ജെ. 02/06/2014-ലും ആണ് യു.പി.എസ്.എ.മാരായി നിയമനം നേടിയിട്ടുള്ളത്. ടി സ്കൂളിലെ എച്ച്.എസ്.എസ്.റ്റി. സോഷ്യൽവർക്ക് തസ്തികയിൽ ഒഴിവ് നിലവിൽ വന്ന 06/05/2018 മുതൽ ശ്രീമതി ജൂബിറ്റ് മാത്യു യോഗ്യയാണെന്നും ടിയാരി ഫാദർ ഫ്രാൻസിസ് ജെ.യെക്കാൾ സീനിയറുമാണെന്നും ഓരോ വർഷവും ജനുവരി 1-ന് അധ്യാപകരുടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് മാനേജർ തയ്യാറാക്കാത്തതിനാലാണ് മേൽ പരാതിക്ക് കാരണമായതെന്നും കോട്ടയം ആർ.ഡി.ഡി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ പരാതിയെ തുടർന്ന് നടത്തിയ പരിശോധനകളിൽ നിന്നും ഹിയറിംഗുകളിൽ നിന്നും ഫാ.ഫ്രാൻസിസ് ജെ.യെക്കാൾ സീനിയർ ആയ അധ്യാപകൻ ടി ഒഴിവ് നിലവിൽ വരുന്ന സമയത്ത് ഉണ്ടായിരുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ കോട്ടയം മേഖലാ ഉപമേധാവിയുടെ 17/04/2021-ലെ എ3/852/2020/ആർ.ഡി.ഡി/കെ.റ്റി.എം നമ്പർ കത്ത് പ്രകാരം ഫാ.ഫ്രാൻസിസ് ജെ.യുടെ എച്ച്.എസ്.എസ്.റ്റി.(സോഷ്യൽ വർക്ക്) തസ്തികയിലേക്കുള്ള നിയമനാംഗീകാര പ്രൊപ്പോസൽ നിരസിച്ചിരുന്നു. ഇതിനെ തുടർന്ന് ഫാ.ഫ്രാൻസിസ് ജെ. ബഹു:ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂപി(സി)15008/2021-ന്റെ 28/07/2021-ലെ വിധിന്യായപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് തീരുമാനമെടുക്കുന്നതിന് ബഹു:ഹൈക്കോടതി ഉത്തരവിട്ടിരുന്നു. അതിൻപ്രകാരം 15/09/2021 തീയതിയിൽ ഈ കാര്യാലയത്തിൽ വച്ച് കക്ഷികളെ ഓൺലൈൻ ആയി കൂടിക്കാഴ്ച നടത്തുകയും കോർപ്പറേറ്റ് മാനേജരും ഫാ.ഫ്രാൻസിസ് ജെ.യും സമർപ്പിച്ച അപ്പീലുകൾ നിരസിച്ചുകൊണ്ടും കോട്ടയം മേഖലാ ഉപമേധാവിയുടെ 17/04/2021-ലെ എ3/852/2020/ആർ.ഡി.ഡി/കെ.റ്റി.എം. നമ്പർ കത്തിലെ തീരുമാനം നിലനിർത്തിക്കൊണ്ടും ബഹു.:ഹൈക്കോടതിയുടെ ഡബ്ല്യൂപി(സി)15008/2021-റിട്ട്-ന്റെ 28/07/2021-ലെ വിധിന്യായം നടപ്പിലാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു.

കോട്ടയം ആർ.ഡി.ഡി. ഓഫീസിലെ 20/02/2021 തീയതിയിലെ എ3/352/2020/ആർ.ഡി.ഡി/കെ.റ്റി.എം നമ്പർ കത്ത് പ്രകാരം 01/01/2018-ലെ ഡി.പിഐ അംഗീകരിച്ച എച്ച്.എസ്.എ/ യു.പി.എസ്.എ/എൽ.പി.എസ്.എ.മാരുടെ സീനിയോറിറ്റി ലിസ്റ്റ് നൽകാൻ മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നുവെങ്കിലും മാനേജർ അത് പാലിച്ചിട്ടില്ല. ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ബി.എഡ്. യോഗ്യതയുടെ ഇക്വലൻസി സർട്ടിഫിക്കറ്റ് കോട്ടയം ആർ.ഡി.ഡി. ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതാണ്. പ്രസ്തുത മാനേജ്മെന്റിന് കീഴിൽ എച്ച്.എസ്.എസ്.റ്റി.(ജൂനിയർ) സോഷ്യൽ വർക്ക് ഇല്ലാത്തതിനാലാണ് യോഗ്യരായ എച്ച്.എസ്.എ./യു.പി.എസ്.എ. എൽ.പി.എസ്.എ.മാരെ നിയമിച്ചത്. 06/05/2018-ൽ ഒഴിവ് നിലവിൽ വരുമ്പോൾ ഫാദർ ഫ്രാൻസിസ് ജെ.യെക്കാൾ സീനിയറാണ് ശ്രീമതി ജൂബിറ്റ് മാത്യുവെന്ന് ബോധ്യപ്പെട്ടിരുന്നു. എന്നാൽ 01/01/2018-ൽ ഡി.പി.ഐ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് ലഭ്യമായാൽ മാത്രമേ സീനിയർ മോസ്റ്റ് സംബന്ധിച്ച വിഷയത്തിൽ വ്യക്തത കിട്ടുകയുള്ളൂ. അതിനാലാണ് ഫാദർ ഫ്രാൻസിസ് ജെ.യുടെ നിയമനം അംഗീകരിക്കാൻ കഴിയാതിരുന്നത് എന്നുള്ള വിവരം കോട്ടയം ആർ.ഡി.ഡി. അറിയിച്ചിട്ടുണ്ട്.

**6.** സർക്കാർ ഇക്കാര്യം ഹർജിക്കാരുടെയും മാനേജരുടെയും വാദങ്ങളുടെയും അവർ സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ യു.പി.എസ്.റ്റി. ആയിരുന്ന ഫാദർ ഫ്രാൻസിസിന്റെ എച്ച്.എസ്.എസ്.റ്റി.(എസ്.ഡബ്ല്യു) തസ്തികയിലേക്കുള്ള ബൈടാൻസ്ഫർ നിയമനം 25/02/2020 തീയതി മുതൽ അംഗീകരിച്ചു നൽകുന്നതിന് ഹയർ സെക്കൻഡറി വിഭാഗം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്നതാണ് എക്സിബിറ്റ് പി-18 ഹർജിയിലെ ആവശ്യം. EXT P7 & P8 നടപ്പിലാക്കണമെന്നതാണ് ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ ആവശ്യം. ടി വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു:

1. ഫാ:ഫ്രാൻസിസ് ജെ. 02/06/2014 മുതൽ യു.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ടു. ശ്രീമതി ജൂബിറ്റ് മാത്യു 01/06/2011-ലാണ് യു.പി.എസ്.റ്റി. ആയി നിയമിക്കപ്പെട്ടത്.
2. ഫാ:ഫ്രാൻസിസ്-ന് 06/06/2019 മുതൽ എച്ച്.എസ്.റ്റി.(എസ്.എസ്) ആയി പ്രൊമോഷൻ ലഭിച്ചത് ക്രമപ്രകാരമാണ്. ശ്രീമതി ജൂബിറ്റ് മാത്യു സീനിയറാണെങ്കിലും ഇംഗ്ലീഷ് ബിരുദധാരിയായതിനാൽ എച്ച്.എസ്.റ്റി.(എസ്.എസ്) തസ്തികയിലുണ്ടായ ഒഴിവിലേക്ക് പരിഗണിക്കുവാൻ സാധിക്കുകയില്ല. ടിയാരി നിലവിൽ എച്ച്.എസ്.റ്റി. (ഇംഗ്ലീഷ്) ആണ്.
3. എച്ച്.എസ്.എസ്.റ്റി.(എസ്.ഡബ്ല്യു) ആയിരുന്ന ശ്രീ.ദേവസ്യ ജോസഫ് 06/05/2018-ൽ മരണപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിൽ ഫാ:ഫ്രാൻസിസ് ജെ.യെ 25/02/2020 മുതൽ നിയമിച്ചു. 2018 വർഷത്തിൽ എച്ച്.എസ്.എസ്.റ്റി. (എസ്.ഡബ്ല്യു) തസ്തികയിലുണ്ടായ ഒഴിവിൽ നിയമിക്കുന്നതിനായി എച്ച്.എസ്.എസ്.റ്റി. ജൂനിയർ/ ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും ക്വാളിഫൈഡ് ആയ സീനിയർ ആരും തന്നെ ഇല്ലാതിരുന്ന സാഹചര്യം ഉണ്ടായതിനാൽ, നിശ്ചിത യോഗ്യതയുള്ള യു.പി.എസ്.റ്റി.മാരെ ടി തസ്തികയിലേയ്ക്ക് പരിഗണിക്കാവുന്നതാണെന്നും, ശ്രീമതി ജൂബിറ്റ് മാത്യുവിന് സീനിയോറിറ്റിയും നിശ്ചിത യോഗ്യതയും ഉണ്ടായിരുന്നിട്ട് കൂടി മാനേജർ ടിയാരിയെ പരിഗണിക്കാതെ, ഫാ:ഫ്രാൻസിസിന് എച്ച്.എസ്.റ്റി.(എസ്.എസ്.) ആയി 06/06/2019-ൽ പ്രൊമോഷൻ നല്കിയ ശേഷം, 25/02/2020-ൽ ഹർജിക്കാരനെ തന്നെ എച്ച്.എസ്.എസ്.റ്റി.(എസ്.ഡബ്ല്യു) ആയി നിയമിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.
4. ശ്രീമതി.ജൂബിറ്റ് മാത്യു എച്ച്.എസ്.എസ്.റ്റി.(എസ്.ഡബ്ല്യു) തസ്തികയിൽ അവകാശമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഫാ:ഫ്രാൻസിസിന്റെ എച്ച്.എസ്.എസ്.റ്റി.(എസ്.ഡബ്ല്യു) നിയമനം ആർ.ഡി.ഡി. നിരസിച്ചു.
5. ഫാ:ഫ്രാൻസിസ് തന്റെ യോഗ്യതകൾ നേടിയിട്ടുള്ളത് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള

പ്രകാരം റഗുലർ കോഴ്സുകളിലൂടെയാണെന്നും, എതിർകക്ഷിയായ ശ്രീമതി ജൂബിറ്റ് മാത്യു വിദൂര വിദ്യാഭ്യാസം വഴി നേടിയിട്ടുള്ള ഡിഗ്രി മതിയായ യോഗ്യതയായി കണക്കാക്കാനാവില്ലായെന്നും ഫാ:ഫ്രാൻസിസും മാനേജരും വാദിക്കുന്നുണ്ട്. ശ്രീമതി ജൂബിറ്റ് മാത്യു IGNOU-ൽ നിന്നും നേടിയിട്ടുള്ള B.Ed. Degree മതിയായ യോഗ്യതയല്ല എന്ന ഫാ:ഫ്രാൻസിസിന്റെ വാദം നിലനിൽക്കുന്നതല്ല. KER Chapter XXXII Rule (6) പ്രകാരം ജി.ഒ.(എം.എസ്)നം.94/2009/പൊവിവ തീയതി 28/03/2009 പ്രകാരം IGNOU-ൽ നിന്നും കരസ്ഥമാക്കുന്ന B.Ed. Degree അദ്ധ്യാപക നിയമനത്തിന് alternate qualification ആയി അംഗീകാരം നൽകിയിട്ടുണ്ട്.

6. ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ സർവ്വീസ് ബുക്കിൽ qualification സംബന്ധിച്ച് എൻട്രി ഇല്ലാതിരുന്നതിനാലാണ് ടിയാരിയെ എച്ച്.എസ്.എസ്.റ്റി. ആയി പരിഗണിക്കാതിരുന്നതെന്ന് മാനേജർ വാദിച്ചു. അദ്ധ്യാപകരുടെ സർവ്വീസ് ബുക്കുകളിൽ സമയാസമയങ്ങളിൽ രേഖപ്പെടുത്തലുകൾ നടത്തേണ്ടതും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും എച്ച്.എം./പ്രിൻസിപ്പൽ-ന്റെ ചുമതലയാണെന്നും, അത് അദ്ധ്യാപകരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയല്ലെന്നും വിദ്യാഭ്യാസ ഓഫീസർമാർ അഭിപ്രായപ്പെട്ടു. ഹൈസ്കൂൾ തലംവരെ അദ്ധ്യാപകരുടെ യോഗ്യതകൾ സമന്വയ പോർട്ടലിൽ ലഭ്യമാണ്.

**7.** എച്ച്.എസ്.എസ്.റ്റി. തസ്തികയിലേയ്ക്ക് പരിഗണിക്കേണ്ടിയിരുന്നത് യു.പി.എസ്.റ്റി.യിൽ സീനിയറായ ശ്രീമതി ജൂബിറ്റ് മാത്യുവിനെയാണെന്നും, ഓരോ വർഷവും ജനുവരി ഒന്നിന് അദ്ധ്യാപകരുടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ് മാനേജർ തയ്യാറാക്കാതെ ടി നിയമന നടപടികൾ സ്വീകരിച്ചതിനാലാണ് പരാതികൾക്കിടയാക്കിയതെന്നും, മാനേജരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ് പ്രശ്നങ്ങൾക്ക് കാരണമെന്നും വിദ്യാഭ്യാസ ഓഫീസർമാർ വെളിപ്പെടുത്തിയിട്ടുണ്ട്.

**8.** മേല്പ്പറഞ്ഞ വസ്തുതകൾ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് 06/05/2018-ൽ ഉണ്ടായ എച്ച്.എസ്.എസ്.റ്റി. ഒഴിവിൽ, ആ കാലയളവിൽ നിയമിക്കപ്പെടുന്നതിന് എച്ച്.എസ്.എസ്.റ്റി. ജൂനിയർ/എച്ച്.എസ്.റ്റി. ഇല്ലായിരുന്നുവെന്നും, എന്നാൽ യു.പി.എസ്.റ്റി.യിൽ ശ്രീമതി.ജൂബിറ്റ് മാത്യുവും ഫാ:ഫ്രാൻസിസും യോഗ്യരായിരുന്നുവെന്നും, അവരിൽ സീനിയർ ശ്രീമതി ജൂബിറ്റ് ആണെന്നും, അതിനാൽ ടി തസ്തികയിൽ KER Chapter XXXII ചട്ടം 4(B)(1)(b) പ്രകാരം നിയമനം ലഭിക്കേണ്ടത് ശ്രീമതി ജൂബിറ്റ് മാത്യുവിനാണ് എന്നുമാണ്. KER Chapter XXXII ചട്ടം 6(2) 29(ii) (i) പ്രകാരം ശ്രീമതി ജൂബിറ്റ് മാത്യു ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ ബി.എഡ് അംഗീകൃതവുമാണ്.

**9.** ശ്രീമതി ജൂബിറ്റ് മാത്യൂ 06/05/2018-ൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് തസ്തികയിൽ മരണം മൂലം ഉണ്ടായ ഒഴിവിൽ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 14/05/2018-ൽ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം മാനേജർക്ക് അപേക്ഷ നൽകി. യാതൊരുവിധ നടപടിയും ഉണ്ടായില്ല. 2018 മാർച്ചിൽ ബി.എഡ്. യോഗ്യതാ സർട്ടിഫിക്കറ്റ് സർവീസ് ബുക്കിൽ ചേർക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററുടെ പക്കൽ അപേക്ഷയോടൊപ്പം നൽകിയിട്ടുള്ളതാണ്. ഇത് സർവീസ് ബുക്കിൽ എഴുതി ചേർത്തിട്ടുള്ളതുമായിരുന്നു. എന്നാൽ ഇത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറ്റസ്റ്റ് ചെയ്യുന്നതിന് മാത്രമാണ് കാലതാമസം വന്നിട്ടുള്ളത്. ഹെഡ്മാസ്റ്റർക്ക് നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഹെഡ്മാസ്റ്റർ ബി.എഡ്. യോഗ്യത സമന്വയ പോർട്ടലിൽ എന്റർ ചെയ്തിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ഡി.ജി.ഇ.ൽ നിന്നും ലഭിച്ച വിവരാവകാശരേഖ ഇതിന് തെളിവാണ്.

**10.** 10/06/2019-ൽ ഈ തസ്തികയിലേയ്ക്ക് 30/09/2019 വരെ മാനേജർ ഡെയിലി വെയ്ജ് അദ്ധ്യാപികയെ നിയമിച്ചു. തുടർന്ന് 11/06/2019-ൽ ഈ തസ്തികയിലേയ്ക്ക് ടിയാരിയെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ജൂബിറ്റ് മാത്യു മാനേജർക്ക് വീണ്ടും അപേക്ഷ നൽകി. കോട്ടയം ആർ.ഡി.ഡി.ക്ക് പരാതി ബോധിപ്പിക്കുകയും മാനേജർക്ക് ഉചിതമായ ശിപാർശ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് കത്തു നൽകി. എന്നാൽ 01/10/2019 മുതൽ 31/12/2019 വരെ മാനേജർ മുൻ അദ്ധ്യാപികയെ തന്നെ ഡെയിലി വെയ്ജ് ആയി തുടർന്നും നിയമിച്ചു. 18/01/2020-ന് ഈ കാരണങ്ങൾ കാണിച്ച് ആർ.ഡി.ഡി.ക്ക് വീണ്ടും പരാതി നൽകി. 20/02/2020-ന് ടി പരാതിയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് മാനേജർക്ക് കത്തു നൽകി. എന്നാൽ മാനേജർ അതിന് യാതൊരു മറുപടിയും നൽകിയില്ല.

**11.** തുടർന്ന് 25/02/2020-ൽ ഫാ.ഫ്രാൻസിസ് ജെ.യ്ക്ക് പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ എച്ച്.എസ്.എസ്.റ്റി. സോഷ്യൽ വർക്ക് തസ്തികയിലേക്ക് സ്ഥിരനിയമനം നൽകി. 07/05/2020-ന് ആർ.ഡി.ഡി. ശ്രീമതി ജൂബിറ്റ് മാത്യുവിന്റെ പരാതി പരിഗണിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് മാനേജർക്ക് കത്ത് നൽകി. 07/10/2020-ന് ആർ.ഡി.ഡി. ഇരുകക്ഷികളെയും നേരിട്ട് കേട്ടു. പരാതിയിലെ സത്യാവസ്ഥ ബോധ്യപ്പെട്ട് ഫാ:ഫ്രാൻസിസ് ജെ.യുടെ നിയമനം നിരസിക്കുകയും, സീനിയറായ അധ്യാപികയ്ക്ക് നിയമനം നൽകാൻ മാനേജരോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് 17/04/2021 ന് ആർ.ഡി.ഡി. ഉത്തരവിറക്കി.

**12.** 15/09/2021-ന് ഡി.ജി.ഇ. അപ്പീലിൻമേൽ ഹിയറിംഗ് നടത്തി വസ്തുതകളും രേഖകളും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എതിർകക്ഷികളുടെ അപ്പീലുകൾ നിരസിച്ചു കൊണ്ടും കോട്ടയം ആർ.ഡി.ഡി.യുടെ 17/04/2021-ലെ തീരുമാനം ശരിവച്ചു കൊണ്ടും ഉത്തരവിറക്കി. ഈ ഉത്തരവും മാനേജർ നടപ്പിലാക്കാൻ തയ്യാറായില്ല. KER Chapter 42A Rule 34,35,36 പ്രകാരം Form 11A -യിൽ

സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുകയോ കോർപ്പറേറ്റ് മാനേജ്മെന്റിലെ അധ്യാപകർ അതിൽ ഒപ്പുവെക്കുകയോ പ്രസിദ്ധീകരിക്കുകയോ പരാതികൾ ഇല്ലെന്ന് ഉറപ്പുവരുത്തുകയോ പരാതികൾ പരിഹരിച്ച് വിദ്യാഭ്യാസ ഓഫീസർക്ക് മുമ്പിൽ അപ്രൂവലിനായി സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

**13.** കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ മരണം മൂലം HSST (Social Work)-ന്റെ ഒരു ഒഴിവ് 2018 ജൂൺ മാസത്തിൽ സംജാതമായി. ടി സമയത്ത് Higher Secondary Special Rules പ്രകാരം മേൽ HSST നിയമനത്തിന് യോഗ്യരായ HSST Junior, HST എന്നീ വിഭാഗക്കാർ ടി മാനേജ്മെന്റിൽ ഇല്ലായിരുന്നു. അപ്പോൾ സ്വാഭാവികമായും അടുത്ത അവകാശികൾ ടി മാനേജ്മെന്റിലെ LP/UP അദ്ധ്യാപകർ ആണ്. അപ്രകാരം പരിഗണിക്കുമ്പോൾ, മേൽ HSST തസ്തികയിലേയ്ക്ക് യോഗ്യതയുണ്ടായിരുന്നവർ ശ്രീമതി. ജൂബിറ്റ് മാത്യൂ (UPST w.e.f. 01.06.2011), ശ്രീ. ഫ്രാൻസിസ് ജെ. (UPST w.e.f. 02.06.2014) എന്നിവരാണ്. ഇതിൽ സീനിയർ ആയ ശ്രീമതി. ജൂബിറ്റ് മാത്യൂവിനായിരുന്നു മാനേജർ സ്വാഭാവികമായും HSST (Social Work) ആയി നിയമനം നൽകേണ്ടിയിരുന്നത്. ശ്രീമതി. ജൂബിറ്റ് മാത്യൂവിന്റെ ബി.എഡ്. യോഗ്യത KER Chapter XXXII Rule 6(2)(29)(2) പ്രകാരം ക്രമപ്രകാരമുള്ളതാണ്. അതിനാൽ തന്നെ, 2016-ൽ നേടിയ ടിയാരിയുടെ ബി.എഡ് യോഗ്യത സേവനപുസ്തകത്തിൽ ചേർത്ത് വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയത് 05.01.2021-ൽ മാത്രമാണ് എന്നും, ടി തീയതി മുതൽ മാത്രമേ ടിയാരിയുടെ ബി.എഡ് യോഗ്യത പരിഗണിക്കാൻ കഴിയുകയുള്ളൂ എന്ന മാനേജരുടെ വാദവും ക്രമപ്രകാരമല്ല. അതിനാൽ ടി സ്കൂളിൽ 2018 ജൂൺ മാസത്തിൽ HSST (Social Work)-ന്റെ ഒഴിവിൽ നിയമനം ലഭിക്കുവാൻ യോഗ്യത സീനിയർ ആയ ശ്രീമതി. ജൂബിറ്റ് മാത്യൂവിനായിരുന്നു.

**14.** മേൽ സാഹചര്യത്തിൽ, കോട്ടയം പൂഞ്ഞാർ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്.ൽ മരണംമൂലം HSST(Social Work)-ന്റെ 2018 ജൂൺ മാസത്തിൽ വന്ന ഒഴിവിൽ, ആ കാലയളവിൽ തന്നെ ടി തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടാൻ യോഗ്യതയും സീനിയോറിറ്റിയും ഉണ്ടായിരുന്ന ശ്രീമതി ജൂബിറ്റ് മാത്യുവിനെ നിയമിക്കുവാൻ കോട്ടയം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകി, അപ്രകാരം ഡബ്ല്യുപി(സി)നം.6654/2022-ന്റെയും WP(C)No.11622/2022-ന്റെയും 17/10/2022 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)

ഫാ:ഫ്രാൻസിസ് ജെ., എച്ച്.എസ്.എസ്.റ്റി. (സോഷ്യൽ വർക്ക്),
സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ
പൂഞ്ഞാർ സൗത്ത് പി.ഒ., കോട്ടയം-686 582.
ശ്രീമതി ജൂബിറ്റ് മാത്യു, എച്ച്.എസ്.റ്റി. ഇംഗ്ലീഷ്, സെന്റ് ആന്റണീസ്
ഹയർ സെക്കൻഡറി സ്കൂൾ, മുത്തോളി പി.ഒ.
കോട്ടയം-686 573.
കോർപ്പറേറ്റ് മാനേജർ, സെന്റ് ജോസഫ്സ് കോർപ്പറേറ്റ്
എഡ്യൂക്കേഷണൽ ഏജൻസി ഓഫ് സി.എം.ഐ. സ്കൂൾസ്
സി.എം.ഐ. പ്രൊവിൻഷ്യൽ ഹൗസ്, പി.ബി.നം.648,
കോട്ടയം-686 001
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കൻഡറി വിഭാഗം)
തിരുവനന്തപുരം-695 001.
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഹയർ സെക്കൻഡറി വിദ്യാഭ്യാസം)
തിരുനക്കര സൗത്ത് റോഡ്, കോട്ടയം-686 001.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്. (JA2/135/2023-GEDN
dtd 5.6.2024)
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ. (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (A4/16/2022/GEdn)

ഉത്തരവിൻ പ്രകാരം

Signed by
Anil Kumar P
Date: 10-07-2024 10:34:49
സെക്ഷൻ ഓഫീസർ